# വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമുണ്ട്

**അശോകൻ ഞാറയ്ക്കൽ**

'വൈദ്യുതി പ്രതിസന്ധി' എന്ന പ്രതിസന്ധി ഉണ്ടെന്ന് കേരളീയർ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. വൈദ്യുതചാർജ്ജ് വർദ്ധനയും പിൻവലിക്കലും ഏല്പിച്ച ആഘാതവും ആശ്വാസവും നമ്മെ പഠിപ്പിച്ചത് ഇതാണ്.

**സാമൂഹ്യ നിയന്ത്രണവും റേഷനിംഗും ഏർപ്പെടുത്തി വൈദ്യുതി പ്രതിസന്ധിക്ക് താൽക്കാലിക പരിഹാരമുണ്ടാക്കണം**

കേരളത്തിലെ വൈദ്യുതി പ്രതിസന്ധിയുടെ മർമ്മം കിടക്കുന്നത് പുതിയ വൈദ്യുതി സ്രോതസ്സുകൾക്ക് ഇനി പഴയ ജലവൈദ്യുതി പദ്ധതികളുടെ നിരക്കിൽ വൈദ്യുതി ഉല്പാദിപ്പിക്കാനാവില്ല എന്നതിലാണ്. വൻ ജലവൈദ്യുതപദ്ധതികളുണ്ടാക്കുന്ന ജൈവവൈവിധ്യനാശം ഇനി ജനങ്ങൾ അംഗീകരിക്കില്ല. മിനി, മൈക്രോ ജലവൈദ്യുതപദ്ധതികൾക്ക് സാധ്യതകളുണ്ടെങ്കിലും പരിസ്ഥിതിസംരക്ഷണചട്ടങ്ങൾക്കനുസൃതമായി അവ നടപ്പിലാക്കുമ്പോൾ ഉള്ള ഉയർന്ന മൂലധനച്ചെലവു മൂലം അവയിൽ നിന്നുള്ള വൈദ്യുതിയുടെ വില നിലവിലുള്ള ജലവിദ്യുത് പദ്ധതികളിലെ യൂണിറ്റിന് 21 പൈസ എന്ന നിരക്കിലും വളരെയധികമാകും. താപവൈദ്യുതിക്ക് വില ഇതിലും കൂടും.

ഉല്പാദന പരിമിതി മൂലം നമുക്ക് വില കുറഞ്ഞ വൈദ്യുതിയുടെ ദുർഭിക്ഷതയുണ്ട്. കേരളത്തിലെ വൈദ്യുതിരംഗത്തും കറന്റ് മോഷണം, മീറ്റർ കേടാക്കൽ, റീഡിംഗ് തിരുത്തൽ, കൈക്കൂലി മുതലായവയും തകൃതിയായി നടക്കുന്നു. ഇതിനൊക്കെപ്പുറമേയാണ് വോൾട്ടേജ് ക്ഷാമവും, കറന്റ് കട്ടും, ലോഡ്ഷെഡിംഗും. ഇതിനെല്ലാം പരിഹാരമായാണ് സ്വകാര്യവൽക്കരണവും സ്വതന്ത്രവിപണിയും ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ ലോകബാങ്ക്, എ. ഡി. ബി വിദഗ്ധൻമാർ നിർദ്ദേശിക്കുന്നത്. അത് അംഗീകരിക്കുന്നതു വരെ വൈദ്യുതി രംഗത്ത് കുഴപ്പങ്ങൾ വർദ്ധിച്ചുവരുമെന്നാണ് വിദഗ്ധന്മാർ പ്രവചിക്കുന്നത്.

പക്ഷേ വൈദ്യുതി സ്വകാര്യവൽക്കരണത്തിന്റെ അനുഭവം അത് പരീക്ഷിച്ച രാജ്യങ്ങളിലെല്ലാം തന്നെ നിരാശജനകമാണെന്ന കാര്യം ഈ വിദഗ്ധന്മാർ അവഗണിക്കുന്നു. അമേരിക്കയിലെ കാലിഫോർണിയ മുതൽ ഇന്ത്യയിലെ ഒറീസ വരെയുള്ള സംസ്ഥാനങ്ങളിൽ വൈദ്യുതി സ്വകാര്യവൽക്കരണം വ്യാപകമായ കുഴപ്പങ്ങളാണുണ്ടാക്കിയത്. മറ്റു ഉല്പന്നങ്ങളിൽ നിന്ന് വ്യത്യസ്തമായി വൈദ്യുതിക്കുള്ള പ്രത്യേകതകളാണ് സ്വകാര്യവൽക്കരണം ഇത്തരത്തിൽ പരാജയപ്പെടാൻ കാരണം. അതിലൊന്ന് വൈദ്യുതി നിരക്ക് ഒരു ദിവസം ഒരു വ്യാപാരിയിൽ നിന്നും അടുത്ത ദിവസം വേറൊരു വ്യാപാരിയിൽ നിന്നും വിലപേശി വാങ്ങാൻ കഴിയില്ല എന്നതാണ്.

വൈദ്യുതി വിതരണത്തിന്റെ സാങ്കേതികതകൾ നിമിത്തം അത് ഒരു സ്വാഭാവിക കുത്തകയായി പരിണമിക്കുന്നു. അതുകൊണ്ടുതന്നെ വൈദ്യുതിയുടെ സ്വതന്ത്രവിപണി എന്ന ആശയം അപ്രായോഗികമാണ്.

പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളെ അട്ടിമറിച്ച് വില കുറഞ്ഞ ജലവൈദ്യുതിയുടെ ഉല്പാദനം വൻതോതിൽ കൂട്ടുന്നത് അസാധ്യവും, സ്വകാര്യവൽക്കരണം അപ്രായോഗികവും ആണെന്നിരിക്കെ പിന്നെയുള്ള ഏക മാർഗ്ഗം ഉല്പാദനത്തിനനുസരിച്ച് ഉപഭോഗം പരിമിതപ്പെടുത്തുകയാണ്. ഫലപ്രദമായ ഒരു വൈദ്യുതി റേഷനിംഗ് സംവിധാനം ഏർപ്പെടുത്തിയാൽ ഇത് സാധ്യമാകും.

തീർച്ചയായും, ഭക്ഷ്യധാന്യങ്ങളുടെ റേഷനിംഗിൽ നിന്ന് വ്യത്യസ്തമായിരിക്കും ഇത്. ഗാർഹിക ഉപഭോക്താക്കളുടെ കാര്യത്തിൽ അംഗങ്ങളുടെ എണ്ണം, ജീവിതരീതികളിലെ വ്യത്യാസം, പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം, തൊഴിൽ സംബന്ധമായ പ്രത്യേകതകൾ, സ്വയം തൊഴിൽ ചെയ്യുന്നവരുടെ ഉപകരണങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഓരോരുത്തരുടേയും ഉപയോഗത്തിന്റെ പരമാവധി പരിധി നിർണ്ണയിക്കാവുന്നതാണ്. വ്യവസായിക യൂണിറ്റുകളുടെ കാര്യത്തിലും തൊഴിൽ സാധ്യത, മറ്റു പ്രസക്ത സംഗതികൾ എന്നിവ കണക്കിലെടുത്ത് പരിധി നിശ്ചയിക്കാവുന്നതാണ്. മാത്രമല്ല ഈ പരിധിയിൽ തന്നെ വൈകീട്ട് 6 മുതൽ 10 വരെയുള്ള വീക്ക് ലോഡ് സമയത്ത് എടുക്കാവുന്ന വൈദ്യുതിക്ക് പ്രത്യേകം പരിധിയും നിർണ്ണയിക്കാം. ഈ പരിധികൾക്കകത്ത് സ്ലാബുകളുടെ അടിസ്ഥാനത്തിൽ നിശ്ചിത തുകയും പരിധിക്കു വെളിയിൽ പിഴയോടുകൂടിയ ഉയർന്ന തുകയും നിശ്ചയിച്ചാൽ വൈദ്യുതി ഉപഭോഗം നിയന്ത്രിക്കാനാകും.

പക്ഷേ, ഇത് നടപ്പാക്കാൻ ആദ്യം ചെയ്യേണ്ടത് ഓരോ ഉപഭോക്താവും ഉപയോഗിക്കുന്ന വൈദ്യുതി കൃത്യമായി അളക്കപ്പെടുമെന്ന് ഉറപ്പുതരുന്ന പുതിയ തരം ടി. ഒ. ഡി ഇലക്ട്രോണിക് മീറ്ററുകൾ വ്യാപകമാക്കുകയാണ്.

മീറ്ററുകൾ മാറ്റിയാലും അഴിമതി നിറഞ്ഞ ഇന്നത്തെ മീറ്റർ റീഡിംഗ് സംവിധാനത്തിൽ തിരിമറികൾ ഒഴിവാക്കാനാവില്ല. ഈ പ്രശ്നം നേരിടാൻ മീറ്റർ റീഡിംഗിലും ബില്ലിംഗിലും ഒരു പുതിയ തരം സാമൂഹ്യനിയന്ത്രണം ഏർപ്പെടുത്തണം. ഉപഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാരുടെ ചുമതലകൾ സമൂഹം മൊത്തമായി ഏറ്റെടുക്കുകയാണ് വേണ്ടത്. ഇത്തരത്തിലുള്ള സാമൂഹ്യമേൽനോട്ടം വഴി മാത്രമേ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെയും കറന്റ് കള്ളന്മാരെയും മുതലാളിത്ത സംസ്കാരം ദുഷിപ്പിച്ച തൊഴിലാളികളേയും നിലയ്ക്കു നിർത്താൻ കഴിയൂ. ഇത്തരം മേൽനോട്ടം ഏർപ്പെടുത്താനുണ്ടായിരുന്ന സാങ്കേതിക ബുദ്ധിമുട്ടുകളെ ഇൻഫർമേഷൻ ടെക്നോളജിയുടെ വികാസം ഇന്ന് മറികടന്നിട്ടുണ്ട്. സ്കാഡ, ഡാറ്റാബേസ് ടെക്നോളജി എന്നീ സംവിധാനങ്ങളുപയോഗിച്ച് വളരെ കുറഞ്ഞ ചെലവിൽ ഇന്നിതു ചെയ്യാനാകും.

ഈ സംവിധാനത്തിന് ഒരു ട്രാൻസ്ഫോർമർ ഏരിയായിൽ അര ലക്ഷം രൂപ എന്ന കണക്കിൽ മാത്രമേ ശരാശരി അധികച്ചെലവു വരികയുള്ളൂ. ഇതിൽ നിന്ന് രണ്ടു മാസം കൂടുമ്പോഴുള്ള ഓരോ ബില്ലിംഗ് പിരീഡിലും ഉണ്ടാക്കാവുന്ന നേട്ടവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ ചിലവ് നിസ്സാരമായി തോന്നും.